# കോഴിക്കോട് കുറ്റ്യാടി കമ്പനിയുടെ നീര പ്ലാന്റ് ഉദ്ഘാടനം നാളെ

തിരുവനന്തപുരം: കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി നാളികേര ഉൽപാദക കമ്പനിയുടെ നീര പ്ലാന്റിന്റെ ഉദ്ഘാടനം നാളെ വൈകിട്ട് 4.30ന് മരുതോങ്കര പഞ്ചായത്തിലെ മുണ്ടവയലിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കും. പ്രതിദിനം 8000 ലിറ്റർ നീര സംസ്കരിക്കാൻ ശേഷിയുള്ള ആധുനിക സംവിധാനങ്ങളോടുകൂടിയ പ്ലാന്റാണ് മരുതോങ്കരയിൽ സ്ഥാപിച്ചിട്ടുള്ളത്.

രണ്ടേകാൽ കോടി രൂപയുടെ പദ്ധതിക്ക് കർഷക കൂട്ടായ്മകളിൽ നിന്ന് രണ്ടരക്കോടി രൂപ കണ്ടെത്തിയിട്ടുണ്ട്. എസ്.സി.എം.എസിന്റെ സാങ്കേതിക വിദ്യയും കോയമ്പത്തൂരിൽ നിന്നുള്ള എക്യുപ്മെന്റ് ഏജൻസിയുടെ മെഷിനറിയും ഉപയോഗിച്ചാണ് കമ്പനി നീര സംസ്കരിച്ച് വിപണിയിൽ ഇറക്കുന്നത്. കമ്പനിയുടേതായി 14 നീര ശേഖരണ കേന്ദ്രങ്ങൾ ഇതിനകം പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ഈ 14 കേന്ദ്രങ്ങളിലും ഉടൻ തന്നെ നീര പാർലറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി. പ്ലാന്റ് സജ്ജമാകുന്നതോടുകൂടി 20 നീര പാർലറുകൾ കൂടി തുറക്കും.

നാളികേര കൃഷിയെയും കർഷകനെയും സംരക്ഷിക്കുന്നതിനും സുസ്ഥിര വില ഉറപ്പു വരുത്തുന്നതിനും കർഷകർ സംരംഭകരാകുന്ന കേര കർഷകകൂട്ടായ്മയാണ് കുറ്റ്യാടി നാളികേര ഉൽപാദക കമ്പനി. 275 നാളികേര ഉൽപാദക സംഘങ്ങളും (സിപിഎസ്) 19 ഫെഡറേഷനുകളും ചേർന്ന 35,000 ഓളം കർഷകർ നേതൃത്വം കൊടുക്കുന്ന കമ്പനി 2013ൽ ആണ് പ്രവർത്തനം ആരംഭിച്ചത്. നീര ശീതള പാനീയം, നീര ചക്കര പാനി, നീര തേൻ, നീര വിനാഗിരി, നീര ചോക്ലേറ്റ് എന്നിവയും പച്ചത്തേങ്ങയിൽ നിന്ന് ഉൽപാദിപ്പിക്കുന്ന ഉരുക്കു വെളിച്ചെണ്ണയും മരുതോങ്കരയിലെ പ്ലാന്റിൽ ഉൽപാദിപ്പിക്കുന്നു. പ്രശസ്തമായ കുറ്റ്യാടി തേങ്ങയുടെ ശുദ്ധി നിലനിർത്തുക എന്ന ലക്ഷ്യത്തോടെ കമ്പനി നെക്റ്റോ ബ്രാൻഡ് വെളിച്ചെണ്ണ വിപണിയിലിറക്കിയിട്ടുണ്ട്.